(എ) കൃഷിക്കാർക്ക് ആവശ്യമായ പച്ചക്കറി വിത്തുകൾ, നെൽവിത്തുകൾ മറ്റ് ഉല്പാദനോപാധികൾ എന്നിവ സർവീസ് സഹകരണ ബാങ്കുകൾ മുഖേന വിതരണം നടത്താൻ പദ്ധതിയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതി നടപ്പിലാക്കി ജില്ലാ കൃഷിത്തോട്ടങ്ങൾ, വിത്തുല്പാദന കേന്ദ്രങ്ങൾ, നഴ്സറികൾ എന്നിവയുടെ പ്രവർത്തനം പുരോഗമിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൃഷിഭവൻ, സമൃദ്ധി സ്റ്റാളുകൾ എന്നിവ വഴി വിത്തും നടീൽ വസ്തുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

107 (1149) കൃഷി വകുപ്പ് പുനഃസംഘടന

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ സാധ്യത, കൃഷി വകുപ്പ് പുനഃസംഘടന എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ബി) കൃഷി അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ സംബന്ധിച്ച് സബ്കമ്മിറ്റിയുടെ ശുപാർശ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സബ്കമ്മിറ്റി ശുപാർശയിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്നും അതിൻപ്രകാരമുള്ള ഉത്തരവനുസരിച്ച് എത്ര പേർക്ക് പ്രൊമോഷൻ ലഭിച്ചുവെന്നും ഏത് പോസ്റ്റുകളിലേയ്ക്ക് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998 ജൂണിൽ ലഭിച്ചു.

(ബി) ഓരോ കൃഷിഭവനുകളിലും കൃഷിഫീൽഡ് ഓഫീസർ ഗ്രേഡിൽ ഓരോ അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തിക സൃഷ്ടിച്ച് ആ തസ്തികയിൽ ഏറ്റവും സീനിയറായ കൃഷി അസിസ്റ്റന്റുമാരെ ഉദ്യോഗക്കയറ്റം വഴി നിയമിക്കുവാനും ഈ തസ്തിക ഗസറ്റഡ് തസ്തികയായി ഉയർത്തുവാനുമാണ് ശുപാർശ ചെയ്തിരിക്കുന്നത്.

(സി) ഘട്ടം ഘട്ടമായി അസി. കൃഷി ഓഫീസർ തസ്തികകൾ സൃഷ്ടിക്കുവാനുള്ള വ്യക്തമായ ശുപാർശകൾ സമർപ്പിക്കുവാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly